**പതിനഞ്ചാം കേരള നിയമസഭ**

**ബുള്ളറ്റിൻ – ഭാഗം 2**

**2024 ജൂൺ 22**

**നമ്പർ:522**

**ശ്രീ. സി. സി. മുകന്ദൻ എം.എൽ.എ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. സലീഷ്.എൻ.ശങ്കറിനെതിരെ സമർപ്പിച്ച പരാതി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്**

2023 ഡിസംബർ 4, 5 തീയതികളിൽ നാട്ടിക നിയോജകമണ്ഡലത്തിലെ 'നവകേരള സദസ്സ് ' നടന്ന വേദിയിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡി.വൈ. എസ്. പി. സലീഷ്. എൻ. ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന ക്രമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംഘാടകസമിതി ചെയർമാനായിരുന്ന ശ്രീ. സി. സി. മുകന്ദൻ, എം.എൽ.എ. സമർപ്പിച്ച പരാതിയിൻമേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പരാതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് ബഹു.സ്പീക്കർ അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 20.06.2024-ന് റഫർ ചെയ്തിരിക്കുന്നു.

ഡോ.എൻ.കൃഷ്ണ കുമാർ,
സെക്രട്ടറി.